**സഭയെ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗവും കെട്ടുപണിയുടെ ശത്രുവും**

**I. മത്തായി 16 സഭയെ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗത്തെയും കെട്ടുപണിയുടെ ശത്രുവിനെയും വെളിപ്പെടുത്തുന്നു**

- ക്രിസ്തു, രൂപാന്തരംപ്രാപിച്ച കല്ലുകൾകൊണ്ട്, പാറയായ അവന്റെമേൽതന്നെ സഭയെ പണിയുന്നു
- സാത്താന്റെ അധികാരം അഥവാ ഇരുട്ടിന്റെ ശക്തിയായ പാതാള കവാടങ്ങൾ സഭയെ കെട്ടുപണി ചെയ്യുന്നതിൽ നിന്നും കർത്താവിനെ തടസ്സപ്പെടുത്തുവാൻ സഭയെ ആക്രമിക്കുന്നു
- സഭ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗം ക്രൂശിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്
- സ്വയവും, മനസ്സും, ദേഹിജീവനുമാണ് സഭയെ ആക്രമിക്കുവാനും നശിപ്പിക്കുവാനുമായ് സാത്താൻ പുറപ്പെട്ടുവരുന്ന പ്രധാന കവാടങ്ങൾ

**പാതാള കവാടങ്ങൾ അടയ്ക്കുന്നതിനുള്ള മൂന്ന് താക്കോലുകൾ പ്രയോഗിക്കുവാൻ നാം പഠിക്കണം**

**II. സഭയുടെ കെട്ടുപണി മൂന്ന് താക്കോലുകളുടെ പ്രയോഗത്തിലൂടെ പാതാള കവാടങ്ങൾ അടയ്ക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു**

- **സ്വയത്തെ ത്യജിക്കുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്**
  - സ്വയം എന്നത് സൃഷ്ടിക്കപ്പെട്ട ദേഹിയോടുകൂടെ സാത്താന്യ മനസ്സ്, സാത്താന്റെ മനസ്സ് ചേരുന്നതാണ്
  - സാത്താന്റെ മനസ്സായ ചിന്ത, മനുഷ്യ ദേഹിയിലേക്ക് കുത്തിവച്ചപ്പോൾ, മനുഷ്യ ദേഹി സാത്താന്റെ ദേഹരൂപമായ സ്വയമായിത്തീർന്നു
  - സ്വയം എന്നത് ദേഹിജീവന്റെ ദേഹരൂപമാണ്, അത് മനസ്സിലൂടെ ആവിഷ്കരിക്കപ്പെടുന്നു; അങ്ങനെ, സ്വയവും, ദേഹി-ജീവനും, മനസ്സും ഒന്നിൽ മൂന്നാണ് (three-in-one)
  - ദൈവത്തിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ദേഹിയാണ് സ്വയം
  - ശരീരത്തിന്റെ ശത്രു സ്വയമാണ്
  - സ്വയത്തിന്റെ ചില ആവിഷ്കാരങ്ങൾ:
    - 1. അതിമോഹം 2. നിഗളം 3. ആത്മപ്രശംസ
      4. സ്വയ-നീതി 5. സ്വയ-നീതീകരണം
      6. മറ്റുള്ളവരെ തുറന്നുകാണിക്കുന്നത്
      7. വിമർശിക്കുന്നത് 8. കുറ്റംവിധിക്കുന്നത്
      9. ആത്മപരിശോധന 10. സ്വയ-നിന്ദ
      11. വ്രണപ്പെടുവാൻ കഴിയുന്നത്
      12. നിരാശ 13. നിരുത്സാഹം 14. സ്വയ-സ്നേഹം
      15. സ്വയം-കാത്തുസൂക്ഷിക്കൽ
      16. സ്വയ-അന്വേഷണം 17. സ്വയ-സഹതാപം
      18. പിറുപിറുപ്പുകൾ 19. ന്യായവാദങ്ങൾ
      20. സ്വാഭാവികമായ സൗഹൃദങ്ങൾ
      21. അഭിപ്രായം 22. ഭിന്നാഭിപ്രായം
      23. വ്യക്തിപരത 24. സ്വതന്ത്ര്യം
  - നമ്മെ വ്രണപ്പെടുത്തുവാൻ കഴിയുമെങ്കിൽ, അത് നാം സ്വയത്താൽ നിറഞ്ഞവരാണെന്നതിന്റെ തെളിവാണ്
  - ഒരു സാഹചര്യം നമുക്ക് അനുകൂലമായാലും, നമുക്ക് പ്രതികൂലമായാലും, സഹോദരന്മാർ നമ്മെ സ്നേഹിച്ചാലും വെറുത്താലും, നാം സ്വയത്തെ പൂട്ടിവയ്ക്കണം
  - സ്വയത്തെ പൂട്ടിവയ്ക്കുന്നുവെങ്കിൽ സഭ പണിയപ്പെടും

- **ക്രൂശെടുക്കുന്നതിന്റെ താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്**
  - ക്രൂശെടുക്കുകയെന്നാൽ കേവലം ദൈവഹിതം എടുക്കുക എന്നാണർഥം; ക്രൂശ് ദൈവഹിതമാണ്
  - ക്രൂശ് വഹിക്കുവാൻ നാം നിർബന്ധിക്കപ്പെടുന്നില്ല, മറിച്ച് നാം അത് മനസ്സോടെ എടുക്കുന്നു എന്നാണ്
  - നാം ക്രൂശെടുക്കുക മാത്രമല്ല, നമ്മുടെ ക്രൂശ് വഹിക്കുകയും ചെയ്യേണ്ടതാവശ്യമാണ്, അതായത്, നമ്മുടെ പഴയ മനുഷ്യനെ അനുദിനം ക്രൂശിന്റെ അവസാനിപ്പിക്കലിൻകീഴിൽ വച്ചുകൊണ്ട് ക്രൂശിൽ തുടരേണ്ടത് ആവശ്യമാണ്.
  - കർത്താവിന്റെ ക്രൂശുമരണത്തിലൂടെ നാം ദിവ്യജീവൻ പ്രാപിച്ചു; ഇപ്പോൾ, ഈ ജീവനിൽ പണിയപ്പെടുന്നതിന് നാം മനസ്സോടെയും സന്തോഷത്തോടെയും ക്രൂശെടുക്കേണ്ടതാവശ്യമാണ്
  - നമുക്ക് യഥാർഥ ഒരുമ ഉണ്ടായിരിക്കേണ്ടതിന് ദൈവത്തിന്റെ ഹിതത്തിനുവേണ്ടി മാത്രം നാം കരുതണം

- **ദേഹിജീവനെ നഷ്ടപ്പെടുത്തുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കണം**
  - ദേഹിജീവനെ രക്ഷിക്കുകയെന്നാൽ ദേഹിയെ അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അനുവദിച്ചുകൊണ്ട് സ്വയത്തെ പ്രസാദിപ്പിക്കുന്നതാണ്; ദേഹിജീവനെ നഷ്ടപ്പെടുത്തുകയെന്നാൽ ദേഹിയുടെ ആസ്വാദനം നഷ്ടപ്പെടുത്തുകയാണ്
  - വരുവാനുള്ള യുഗത്തിൽ തന്റെ ദേഹിജീവനെ കണ്ടെത്തേണ്ടതിന് കർത്താവായ യേശു ഈ യുഗത്തിൽ തന്റെ ദേഹിയുടെ ആസ്വാദനത്തെ നഷ്ടപ്പെടുത്തി; നാമും അങ്ങനെതന്നെ ചെയ്യണം
  - കർത്താവിനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും, എല്ലാ വിശുദ്ധന്മാർക്കുവേണ്ടിയും നമ്മുടെ ഇപ്പോഴത്തെ ദേഹിക ആസ്വാദനത്തെയെല്ലാം നഷ്ടപ്പെടുത്തുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, മറ്റുള്ളവർ നമ്മളാൽ പോഷിപ്പിക്കപ്പെടുകയും നമ്മിലൂടെ പണിയപ്പെടുകയും ചെയ്യും; ഇതൊരു കഷ്ടമല്ല, മറിച്ച് ഒരു സന്തോഷമാണ്
  - രാജ്യത്തിൻ പ്രതിഫലം, ഈ യുഗത്തിൽ നമ്മുടെ ദേഹിജീവനെ നാം രക്ഷിക്കുമോ അതോ നഷ്ടപ്പെടുത്തുമോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു